സെൽഫ് ഫിനാൻസിംഗ് ഐ.റ്റി.ഐ.-കൾ

58 [2830] ശ്രീ. ജോണി നെല്ലൂർ :

,, ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പ്രവർത്തിക്കുന്ന ഐ. റ്റി. ഐ.-കളിലെ സിലബസും കരിക്കുലവും മറ്റ് സംസ്ഥാനങ്ങളിൽ നിലവിലുള്ളതുപോലെയാണോ;

(ബി) വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സെൽഫ് ഫിനാൻസിംഗ് ഐ. റ്റി. ഐ.-കൾ ഇപ്പോൾ നിലവിലുണ്ടോ;

(ഡി) അടുത്ത അദ്ധ്യയന വർഷം ഏതെല്ലാം മേഖലകളിലാണ് ഐ. റ്റി. ഐ.-കൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ആണ്. കേന്ദ്ര തൊഴിൽ മന്ത്രാലയത്തിൽ ഡയറക്റ്റർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് & ട്രെയിനിംഗിന്റെ കീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് എല്ലാ സംസ്ഥാനങ്ങളിലും നിശ്ചയിക്കുന്ന സിലബസും കരിക്കുലവും അനുസരിച്ചാണ് ഐ. റ്റി. ഐ.-കൾ പ്രവർത്തിക്കുന്നത്.

(സി) ഇല്ല. എന്നാൽ സംസ്ഥാനത്ത് 373 സ്വകാര്യ ഐ. റ്റി. സി.-കളുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

ആറ്റിങ്ങൽ ഐ. റ്റി. ഐ.-യുടെ വസ്തു കൈമാറ്റം

59 [2831] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ ഐ. റ്റി. ഐ.-ക്ക് എത്ര ഏക്കർ സ്ഥലം ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ഏക്കർ സ്ഥലമാണ് സ്വാശ്രയ കോളേജിനുവേണ്ടി കൈമാറിയിട്ടുള്ളത്;

(സി) ഐ. റ്റി. ഐ. വക സ്ഥലം സ്വാശ്രയ കോളേജിനുവേണ്ടി കൈമാറിയത് ഐ. റ്റി. ഐ.-യുടെ നിലനില്പിനും വികസനത്തിനും ദോഷകരമായി ബാധിക്കും എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ആക്ഷേപം പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly